# പതിനാലാം കേരള നിയമസഭ

## പതിനാൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2437** **12.03.2020 ലെ മറുപടി**

**"ജലസേചനവകുപ്പിൽ നിന്നും കാണാതായ ഫയലുകൾ"**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ.കെ.ജെ.മാക്സി** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | ജലസേചനവകുപ്പ് വർക്സ് ഡിവിഷൻ ഉൾപ്പെടെ മറ്റ് ഡിവിഷനുകളിൽ നിന്നും ഈ സർക്കാർ കാലയളവിലും മുൻ സർക്കാർകാലയളവിലും (വർഷം തിരിച്ച്) കാണാതായ ഫയലുകൾ എത്ര; കണ്ടെത്തിയവ എത്ര;വിശദാംശം ലഭ്യമാക്കുമോ; | (എ) | ജലസേചനവകുപ്പിൽ 2018 സെപ്റ്റംബർ മാസത്തിൽ വർക്സ് വിഭാഗത്തിൽ നിന്ന് 665 ഫയലുകൾ കാണാതായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് വിഭാഗങ്ങളിൽ നിന്ന് ഫയലുകൾ നഷ്ടപ്പെട്ടതായി കാണുന്നില്ല. |
| (ബി) | കാണാതായ ഫയലുകളുടെ സൂക്ഷിപ്പുകാർ ആരെല്ലാമെന്നും എത്ര പേരുടെ പേരിൽ എന്തെല്ലാം ശിക്ഷാ നടപടികൾ സ്വീകരിച്ചു വെന്നും വ്യക്തമാക്കുമോ? | (ബി) | കാണാതായ ഫയലുകൾ കൈകാര്യം ചെയ്യുന്നത് അതാത് സെക്ഷൻ ക്ലർക്കുമാരാണ്. ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഫയലുകൾ ചാക്കിൽ കെട്ടി സൂക്ഷിച്ചിരുന്നതാണ്. അവയിൽ നിന്നുമാണ് ഫയലുകൾ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടത്. ക്ലർക്കുമാരുടെ ഭാഗത്തു നിന്നും മനപൂർവ്വമായ അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫയലുകൾ കാണാതായതിനെതുടർന്ന് അന്വേഷണസംഘം രൂപീകരിച്ചിട്ടുണ്ട്. അന്വേഷണ നടപടികൾ നടന്നു വരുന്നു. |
| (സി) | വിവിധ ക്രമക്കേടുകളുടെ ഭാഗമായാണോ അതോ മറ്റ് കാരണങ്ങളാലാണോ ഫയലുകൾ കാണാതാകുന്നതെന്നും ഇപ്രകാരം ഫയലുകൾ കാണാതാകുന്നത് തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്താമാക്കുമോ? | (സി) | വർക്സ് വിഭാഗത്തിൽ നിന്നും നഷ്ടപ്പെട്ട പ്രസ്തുത ഫയലുകൾ ഒന്നും തന്നെ ക്രമക്കേടുകളുമായി ബന്ധപ്പെട്ടതല്ല. ഫയലുകൾ കാണാതാകുന്നത് തടയുന്നതിന് ഓഫീസ് പ്രവർത്തനങ്ങൾ എം.ഒ.പി.പ്രകാരം കൃത്യമായി നിർവ്വഹിക്കാൻ ജീവനക്കാർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്. തൻപതിവേടുകൾ കൃത്യമായി സൂക്ഷിക്കുക, ആയവ ക്രമമായ ഇടവേളകളിൽ പരിശോധിക്കുക, മറ്റ് അനുബന്ധരേഖകൾ സൂക്ഷിക്കുക എന്നിവയെ സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**